# Pallikoodam Times

“നിങ്ങൾ സൂര്യനെ പോലെ തിളങ്ങണമെങ്കിൽ
ആദ്യം സുര്യനെ പോലെ കത്തിജ്വലിക്കുക”
ഡോ: എ പി ജെ അബ്ദുൾ കലാം.

ഏതൊരു വിജയത്തിന്റെ പിന്നിലും ഒരു പ്രയത്നം ഉണ്ടാകും. ആ വിജയം ചെറുതാണെങ്കിലും വലുതാണെങ്കിലും ആ പ്രയത്നം ആണ് അതിലേക് വഴി തെളിച്ചത്.

ഓരോരുത്തരുടെയും ഉള്ളിൽ ഒരു പ്രതിഭ ഉണ്ട്, അതിനെ ഉണർത്താനും പരിപോഷിപ്പിക്കാനും നമ്മൾ സ്വയം പരിശ്രമിക്കണം. പരാജയങ്ങൾ നമ്മളുടെ പ്രയത്നങ്ങളെ തളർത്താൻ ശ്രമിക്കും, പക്ഷേ നമ്മൾ പുതിയ രീതിയിൽ നമ്മളുടെ ശ്രമം തുടർന്നു കൊണ്ട് ഇരിക്കണം.

ഓർക്കുക:
“കഠിന പ്രയത്നം കൊണ്ട് പ്രതിഭയെയും പ്രാഗൽഭ്യത്തെയും മറികടക്കാൻ സാധിക്കും.”
നിങ്ങളുടെ ജീവിതത്തിൽ മുന്നോട്ടുള്ള എല്ലാ പരിശ്രമങ്ങൾക്കും എല്ലാ ആശംസകളും നേരുന്നു. ഒരു സൂര്യനെ പോലെ തിളങ്ങാൻ നിങ്ങൾക്കും കഴിയട്ടെ.

സ്വന്തം ലേഖകൻ

*Sreehari Nambiar*
*Editor*
Pallikoodam Times

Established in 2018,
Accredited with Department of Education, NSW.
Member of NSW Federation of Community Language Schools.
Website:
https://pallikoodamnsw.org.au/




***What's Inside***

Announcements

Kaleidoscope.
വേലുവിന്റെ ചെടി നടൽ
കുഞ്ഞുണ്ണി സൂക്തങ്ങൾ.
നിങ്ങൾക്കറിയാമോ?

**Editorial Team**
Sreehari Nambiar
Dr. Ali Parappil
Mohsin Aboobacker

Copyrights @ Pallikoodam

## Announcements

The following 10 students were recognised by NSWFCLS for their themed artwork as part of an Art competition.

Alhan Aisha
Amaany Roshan Nasir
Eshan Mohiyuddin
Faiha Abdurahiman
Fathiha Abdurahiman
Ihsan Roshan Nasir
Myiesha Nishad
Shahzain Kolothum Thodika
Shazil Kolothum Thodika
Zohan Thowfeek

**Meet our new teachers:**


Raseena Pattath


Rahiya Shahir


Ganga Mohan

**Introducing Pallikoodam awards**

These are awarded every term to the students based on their performances. The first set of stamp accumulates to receipt of a merit certificate. Please discuss with the respective class teachers to understand further.







**Creative kids Voucher**

The NSW Government is helping kids get creative with the new Creative Kids program. Parents, guardians and carers can apply for a voucher with a value of up to $100 per calendar year for each student aged 4.5 to 18 years old enrolled in school. The voucher may be used with a registered activity provider for registration, participation and tuition costs for creative arts, speech, drama, dance, digital design, coding, and music lessons and activities. The voucher can be used at any time during the calendar year it was issued. To use the voucher, give the details to your registered activity provider. The program runs year-round, so kids can get creative at any time. (Extracted from the website).For more info and applying for the creative kids voucher,
https://www.service.nsw.gov.au/transaction/apply-creative-kids-voucher

Copyrights @ Pallikoodam

## Pallikoodam excursion – Farm visit










Copyrights @ Pallikoodam

# FARM VIBES





Copyrights @ Pallikoodam



## Guest lecturer – Mr. Jacob Thomas - കുട്ടികളുമായി ഒരു സംവാദം



Copyrights @ Pallikoodam

## Annual day celebrations 2022

















Guest list:

Ms. Lisa Lake, Cumberland Council Mayor; Ms. Lucia Johns, President and Mr. Alex Di Prinzio, Educational Officer, NSW Federation of Community Language Schools; Mr. Kashmiri Lal, Vice Consul CGI Sydney; Mrs. Emie Roy; Dr. ASM Sajeev; Mr. Babu Vargheese and other distinguished representatives from the community.

Copyrights @ Pallikoodam





Copyrights @ Pallikoodam





Copyrights @ Pallikoodam





Copyrights @ Pallikoodam

## NSW-FCLS Gala Dinner 2022










Copyrights @ Pallikoodam

## NSW-FCLS Arts competition entries



















Copyrights @ Pallikoodam


Eshan


Amaany


Alhan


Shahzain

Copyrights @ Pallikoodam

## വേലുവിന്റെ ചെടി നടൽ

Dr. എ. എസ്. എം. സജീവ്

വേലായുധൻ എന്ന വേലു ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ വീട്ടിലാണു ജോലിക്ക് നിൽക്കുന്നത്.
വേലുവിന്റെ യജമാനൻ ഒരു ദിവസം പറഞ്ഞു
"വേലൂ, നമുക്ക് ഒരു തുളസി നടണം. നീ കുളിക്കണം."

"അഴുക്കു പോകാൻ ചെടി നട്ടുകഴിഞ്ഞിട്ട് കുളിച്ചാൽ പോരെ യേമാനേ?" വേലു സംശയം ചോദിച്ചു.

"കുളിക്കാതെ എങ്ങനെ തുളസി നടും?" എന്നു പറഞ്ഞ് ഓഫീസറേമാൻ വേലുവിനെ തെല്ലു ദ്വേഷ്യത്തോടെ നോക്കി.

വേലു വേഗം പോയി കുളിച്ചിട്ടു വന്നു. വടക്കേന്ത്യക്കാരനായ യജമാനന്റെ നാട്ടിലെ ആചാരമായിരിക്കും തുളസിച്ചെടി നടുന്നതിനു മുന്നെയുള്ള കുളി എന്ന് വേലു മനസ്സിൽ കരുതി.

"താൻ കുളി കുളിച്ചോ?"

"കുളിച്ചു യേമാനേ!" നനഞ്ഞിരിക്കുന്ന മുടിയിൽ ചെറുതായി കൈകൊണ്ട് തലോടി വേലു പറഞ്ഞു.

"എന്നിട്ട് കുളി കാണുന്നില്ലല്ലോ?"
കുളി കാണുന്നില്ലേ. ഇതെന്താ ഈ യജമാനൻ പറയുന്നത് എന്നാലോചിച്ച വേലുവിനു പെട്ടന്നാണു കാര്യം പിടികിട്ടിയത്. തന്റെ ഓഫീസറേമാൻ മലയാളം പഠിച്ചെങ്കിലും 'ഴ' പറയാൻ പഠിച്ചിട്ടില്ല. ചെടി നടാൻ കുഴിയെടുക്കുന്ന കാര്യമാണു വെറുതെ തന്നെക്കൊണ്ട് കുളിപ്പിച്ചത്.

ഈ കഥ പറഞ്ഞത് 'ഴ' എന്ന അക്ഷരത്തെപ്പറ്റി രണ്ടുവാക്ക് പറയാനാണ്. മറ്റ് പല ഭാഷകളിലും ഇല്ലാത്ത അക്ഷരമാണു മലയളത്തിന്റെ സ്വന്തം 'ഴ'. ഴ-യുള്ള ഒരു വാക്കെങ്കിലും ചൊല്ലാതെ മലയാളിക്കു ഏറെനേരം സംവദിക്കാൻ പ്രയാസമാണ്. പഴം, മഴ, മഴു, മൊഴി, കുഴി, വാഴ, വഴി, അഴക്, അഴുക്ക്, തഴുകി, കുഴൽ, കഴുത, കഴിഞ്ഞു, കുഴഞ്ഞു, വഴുതി, പഴയത്, വഴുതനങ്ങ, പഴുതാര, തുടങ്ങി ഴ-യുള്ള പദങ്ങളുടെ ഒരു സാഗരം തന്നെയുണ്ട് മലയാള ഭാഷയിൽ.
പോരാത്തതിനു മഴയത്തു കാൽ വഴുതി വഴിലെ കുഴിയിൽ

Copyrights @ Pallikoodam

കുഴഞ്ഞുവീണുവെന്നും, വഴിയരികിലെ വാഴയിലൊരു വാഴപ്പഴക്കുലയെന്നും മറ്റുമുള്ള നാവുകുഴക്കുന്ന പദപ്രയോഗങ്ങളും ധാരാളം.

ഇതൊക്കെയാണെങ്കിലും ഴ-യിൽ ആരംഭിക്കുന്ന ഒരു വാക്കുപോലും നിഘണ്ടുവിലില്ല എന്നതും മലയാളത്തിന്റെ ഒരു പ്രത്യേകത തന്നെ!

ഇനി പള്ളിക്കൂടത്തിലെ കുട്ടികളോടൊരു ചോദ്യം. ഈ ലേഖനത്തിൽ ഴ എന്ന അക്ഷരം എത്ര തവണ വന്നിട്ടുണ്ടെന്ന് പറയാമോ?

Copyrights @ Pallikoodam

## Fun corner

**കുഞ്ഞുണ്ണി സൂക്തങ്ങൾ**:

- കർമം നന്നാക്കിടുന്നോനെ നന്നാക്കും കർമവും ക്രമാൽ.
- നാവിനെല്ലില്ലാത്തവർക്കു നട്ടെല്ലും കഷ്ടിയായിടും.
- നല്ലൊരുച്ചീത്ത പറഞ്ഞു രസിക്കലും കള്ളുകുടിക്കലും തുല്യം.
- ഭോജ്യം കട്ടാൽ മോഷ്ടാവ് രാജ്യം കട്ടാൽ രാജാവ്.
- വിശപ്പടക്കുവാൻ നടക്കുന്നു നിസ്വൻ വിശക്കുവാനല്ലോ നടപ്പൂ സമ്പന്നൻ.
- ഒന്നിച്ചാൽ സുഖം കിട്ടും ഭിന്നിച്ചാൽ ദുഃഖം കിട്ടും.
- ഔഷധങ്ങളിൽ വച്ചിട്ടൗഷധം സന്തോഷം താൻ.
- ഊട്ടിയുണ്ണുന്ന താണൂണ്.
- വിഡ്ഢികൾ നന്നായ് സദ്യ നടത്തും നല്ല സമർഥരതുണ്ണും നന്നായ്.
- തന്നെ മറക്കതിനിക്കു സുഖം തന്നെ നില്ക്ക തനിക്ക സുഖം.
- ഉണ്ടാൽ ഉണ്ട പോലിരിക്കണം; ഉണ്ടാൽ ഉണ്ട പോലിരിക്കരുത്!
- കമ്പം വിടൂ, തുമ്പം വിടും.
- ഹായി ഠായി മിഠായി, തിന്നുമ്പോഴെന്തിഷ്ടായി, തിന്നു കഴിഞ്ഞൂ കഷ്ടായി.
- പിശുക്കനും പന്നിയുമൊപ്പമല്ലോ ജീവിച്ചിരിക്കേഗ്ഗുണമാർക്കുമില്ല.
- വേണ്ടാത്തതില്ലെന്നതില്ലായ്മയല്ല.
- ആത്മാർഥതയില്ലാത്തവനത്യല്പനശക്തൻ.
- സൽക്കർമിക്കില്ല ദുർഗതി.
- കലപില കൂട്ടും പത്രങ്ങൾ, കലഹിക്കില്ലാ കുസുമങ്ങൾ.

Copyrights @ Pallikoodam

നിങ്ങൾക്കറിയാമോ

# ജി. ശങ്കരക്കുറുപ്പ്

മലയാളത്തിലെ ഒരു കവിയും ഉപന്യാസകാരനും സർവ്വകലാശാല അദ്ധ്യാപകനുമായിരുന്നു ജി. ശങ്കരക്കുറുപ്പ്. ജ്ഞാനപീഠ പുരസ്കാരം നേടുന്ന ആദ്യ മലയാള സാഹിത്യകാരനാണ് ശങ്കരക്കുറുപ്പ്.

1901 ജൂൺ 3ന്, ശങ്കരവാര്യരുടേയും ലക്ഷ്മിക്കുട്ടിയമ്മയുടേയും മകനായി എറണാകുളം ജില്ലയിലെ കാലടിക്കടുത്തുള്ള നായത്തോട് എന്ന സ്ഥലത്ത് ജനിച്ചു. 17ആം വയസ്സിൽ ഹെഡ് മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു. എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1956ൽ അദ്ധ്യാപക ജോലിയിൽ നിന്നും വിരമിച്ചു. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, രാജ്യസഭാംഗം എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചു. 1978 ഫെബ്രുവരി 2ന് അന്തരിച്ചു.

അദ്ദേഹത്തിന്റെ വിശ്വദർശനം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. ആദ്യത്തെ ജ്ഞാനപീഠം ജേതാവായിരുന്നു അദ്ദേഹം. 1965-ൽ ഓടക്കുഴൽ എന്ന കൃതിക്കാണ് അദ്ദേഹത്തിന് ജ്ഞാനപീഠം ലഭിച്ചത്. കൂടാതെ പദ്മഭൂഷൺ ബഹുമതിയും അദ്ദേഹത്തെ തേടിയെത്തി. 1967ൽ സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ് ലഭിച്ചു.

ജിയുടെ പ്രധാന കവിതകൾ സൂര്യകാന്തി, നിമിഷം, ഓടക്കുഴൽ, പഥികന്റെ പാട്ട്, വിശ്വദർശനം, മൂന്നരുവിയും ഒരു പുഴയും, ജീവനസംഗീതം, സാഹിത്യകൗതുകം (3 വാല്യങ്ങൾ), പൂജാ പുഷ്പം എന്നിവയാണ്

ജിയുടെ കാല്പനിക കവിതകളിലൊന്നാണ് സൂര്യകാന്തി. സൂര്യനും സൂര്യകാന്തിയും തമ്മിലുള്ള വിശുദ്ധ പ്രണയമാണ് കവിതയുടെ പ്രമേയം.

സൂര്യകാന്തിയിലെ വരികൾ നോക്കൂ.

" സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ;
സ്നേഹത്തിൻഫലം സ്നേഹം, ജ്ഞാനത്തിൻ ഫലം ജ്ഞാനം.
സ്നേഹമേ പരം സൗഖ്യം, സ്നേഹഭംഗമേ ദുഖം,
സ്നേഹം മേ ദിക്കാലാതിവർത്തിയായ് ജ്വലിച്ചാവൂ!"

ജി. ശങ്കരക്കുറുപ്പ്

*കടപ്പാട് - pookalam.kerala.gov.in/2018/08/20/g-sankarakkurupp/, www.keralaculture.org, വിക്കിപ്പീഡിയ*

Kindly give us your valuable feedback. It would help us to improve. We also invite article for the future newsletters.
Please write to pallikoodam.madhurammalayalam@gmail.com

Copyrights @ Pallikoodam